**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1932** **15-03-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി.യ്ക്ക് സ്ഥലം വിട്ടുനൽകൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | null<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം നിയോജക മണ്ഡലത്തിലെ മീതൂർ എന്ന സ്ഥലത്ത് മൃഗ സംരക്ഷണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം കെ.എസ്.ഇ.ബി.യുടെ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി വിട്ടുനൽകുന്നതിന്റെ നടപടി ക്രമങ്ങൾ എന്തായെന്ന് വിശദമാക്കാമോ; | (എ) | പ്രസ്തുത ഭൂമി പട്ടയ ഭൂമി ആയതിനാൽ പാട്ടത്തിനു അനുവദിക്കാൻ കഴിയാത്തതിനാൽ, ഭൂമി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ പേരിൽ നിന്നും പുറമ്പോക്കാക്കി മാറ്റുവാൻ ജില്ലാ കളക്ടർ അറിയിച്ചതു പ്രകാരം അപേക്ഷ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നൽകി റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇതിനുവേണ്ടി പ്രസ്തുത ഭൂമി റവന്യൂവിൽ പുനർനിക്ഷിപ്തപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | പുനർ നിക്ഷിപ്തപ്പെടുത്തിയിട്ടില്ല. പ്രസ്തുത ഭൂമി റവന്യൂവിൽ പുനർനിക്ഷിപ്തപ്പെടുത്തേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ